## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 484 23/07/2015 – ൽ മറുപടിയ്ക്ക്

### സാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ്<br>" ഹൈബി ഈഡൻ<br>,, വർക്കല കഹാർ | ശ്രീ. കെ.എം.മാണി<br>(ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ) സാന്ത്വനം പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | എ) മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് താമസ-സൗകര്യം ലഭ്യമാക്കുന്നതിനാണ് സാന്ത്വനം പദ്ധതി ലക്ഷ്യമിട്ടി-രിക്കുന്നത്. |
| ബി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത്; | ബി) ഈ പദ്ധതി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പു-കാർക്കും കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കാനുള്ള പദ്ധതിയായതിനാൽ പദ്ധതിയി-ലൂടെ സ്ഥിരമായി പാർപ്പിടം ലഭ്യമാകുന്നതല്ല. |
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ 750 ലക്ഷം രൂപ സാന്ത്വനം പദ്ധതിയ്ക്കായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ |

കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ സാന്ത്വനം വാടക വീട് പദ്ധതിയിലൂടെ ആദ്യഘട്ടമായി 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ